# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം.174 16.02.2016 ൽ മറുപടിയ്ക്ക്

## സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ജയിംസ് മാത്യു | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി |

| | |
|---|---|
| (എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് സർവ്വീസിൽ സംരക്ഷണം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ; | സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സേവനം ജനങ്ങളിൽ എത്തുന്നതിനും ഇ-ഗവേണൻസ് സംവിധാനം, ഇ-ടെൻഡർ സംവിധാനം മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശരേഖ, വിവരാവകാശ നിയമം സേവനാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. ഐ.എം.ജി, ഡിപ്പാർട്ട്മെന്റ് ഇൻ സർവ്വീസ് ട്രയിനിംഗ് സ്ഥാപനങ്ങൾ പരിശീലനം നൽകുന്നുണ്ട്. സർവ്വീസിലുള്ള |

ഉദ്യോഗസ്ഥരുടെ ജോലി തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും സംരക്ഷണം ഉന്നം വച്ചുകൊണ്ടുള്ള 2013-ലെ കേരള ക്രിമിനൽ നിയമ ഭേദഗതി ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) നികുതി ചോർച്ചയും റവന്യൂ വരുമാന നഷ്ടവും വരാനിടയുള്ള വകുപ്പുകളിലും തസ്തികകളിലും കാര്യക്ഷമതയും സത്യസന്ധതയും ഇല്ലാത്തവരെ നിയോഗിച്ചു വരുന്നത് അവസാനിപ്പിക്കാമോ;

ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നൽകുമ്പോൾ പി.എസ്.സി മെമ്പർ, വകുപ്പ് സെക്രട്ടറി, വകുപ്പ് തലവൻ എന്നിവരടങ്ങുന്ന വിദഗ്ദസമിതി ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, അച്ചടക്ക നടപടികൾ എന്നിവ പരിശോധിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(സി) ഉദ്യോഗസ്ഥരുടെ മന:പൂർവ്വമായ വീഴ്ചകൾക്കും നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള പഴുതൊരുക്കിക്കൊടുക്കലിനുമെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉദ്യോസ്ഥരുടെ മന:പൂർവ്വമായ വീഴ്ചകൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്. നിലവിൽ KCS & CCA റൂൾസ്, പി.സി. ആക്ട്, കോൺഡക്ട് റൂൾസ്, സെക്രട്ടേറിയറ്റ് മാന്വൽ മുതലായവ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ പര്യാപ്തമാണ്.

സെക്ഷൻ ഓഫീസർ